**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4567** **13-03-2023 - ൽ മറുപടിയ്ക്ക്**

**ആദിവാസി സമൂഹത്തിൽ പ്പെട്ടവർക്കെതിരെയുള്ള കേസുകളിലെ വിചാരണ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആദിവാസി സമൂഹത്തോട് വിവേചനം കാട്ടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അവസാനിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ആദിവാസി സമൂഹത്തോട് വിവേചനം കാട്ടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | അരി മോഷ്ടിച്ച എന്ന കുറ്റത്തിന് ആൾക്കൂട്ട ആക്രമണത്തിന് വിധേയനായി കൊല്ലപ്പെട്ട ആദിവാസി യുവാവിന്റെ കേസ് അടക്കം നിരവധി കേസുകളിൽ വിചാരണ നടപടികൾ വൈകുന്നത് കുറ്റവാളികൾ രക്ഷപെടാൻ കാരണമാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | അരി മോഷ്ടിച്ച എന്ന ആരോപണത്തിന്റെ പേരിൽ ആക്രമണത്തിന് വിധേയനായി കൊല്ലപ്പെട്ട ആദിവാസി യുവാവ് മധുവിന്റെ കേസ്സടക്കം രജിസ്റ്റർ ചെയ്ത കേസ്സുകളിൽ വിചാരണ നടപടികൾ വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അട്ടപ്പാടിയിലെ മധുവിന്റെ മരണവുമായി ബന്ധപ്പെട്ട കേസ്സിലെ സാക്ഷികൾക്ക് Witness Protection നിയമ പ്രകാരമുള്ള എല്ലാവിധ സംരക്ഷണങ്ങളും നൽകുവാൻ പാലക്കാട് ജില്ലാ പോലീസ് മേധാവിയോട് സർക്കാർ നിർദ്ദേശിച്ചതിൻ പ്രകാരം അഗളി ഡി.വൈ.എസ്.പിയുടെ നേതൃത്വത്തിൽ അഗളി ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ എന്നിവരടങ്ങിയ ഒരു Witness Protection സെൽ രൂപീകരിക്കുകയും സാക്ഷികൾക്ക് സംരക്ഷണം നൽകുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ മധുവിന്റെ ബന്ധുക്കളുടെ ആവശ്യം പരിഗണിച്ച് അവർ നിർദ്ദേശിച്ച അഡ്വക്കേറ്റിനെ സ്പെഷ്യൽ പബ്ലിക് പ്രൊസിക്യൂട്ടറായി സർക്കാർ നിയമിച്ചിട്ടുണ്ട്. |
| (സി) | ആദിവാസി സമൂഹത്തിനെതിരെയുള്ള കേസുകളിൽ ആഭ്യന്തര വകുപ്പുമായി ചേർന്ന് സമയബന്ധിതമായി വിചാരണ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | ആഭ്യന്തര വകുപ്പുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ആദിവാസി സമൂഹത്തിനെതിരെ സംസ്ഥാനത്ത് റിപ്പോർട്ടാകുന്ന എല്ലാ കേസുകളും സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം ബന്ധപ്പെട്ട ബഹു.കോടതികളിൽ സമർപ്പിച്ച വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ